**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം.**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം. 2720

19.07.2011-ൽ
മറുപടിക്ക്

## ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻറ് ടാക്സേഷൻ

**ചോദ്യം**

ശ്രീ. തോമസ് ഉണ്ണിയാടൻ
ഡോ. എൻ. ജയരാജ്.
ശ്രീ. പി. സി. ജോർജ്
ശ്രീ. റോഷി അഗസ്റ്റിൻ

**ഉത്തരം**

ശ്രീ. കെ. എം. മാണി
(ധനകാര്യവും നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി.)

| ചോദ്യം | ഉത്തരം |
|---|---|
| (എ) ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻറ് ടാക്സേഷൻെറ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | എ) കേരള സംസ്ഥാനത്തിനും മറ്റു സംസ്ഥാനങ്ങൾക്കും സാമ്പത്തിക ധനകാര്യ- ടാക്സ് മാനേജ്മെൻറ് അക്കൗണ്ട്സ് മേഖലകളിൽ ആവശ്യമായ ഗവേഷണങ്ങളും പഠനങ്ങളും നടത്തുക എന്നതാണ് പ്രധാന ഉദ്ദേശ്യം. ഈ മേഖലകളിൽ ട്രെയിനിംഗും പ്രസിദ്ധീകരണങ്ങളും ബോധവൽക്കരണവും ഇതോടൊപ്പം നടത്തുന്നു. |
| (ബി) പ്രസ്തുത സ്ഥാപനത്തിൻെറ ഘടന ഏപ്രകാരമാണ്; നടപ്പു സാമ്പത്തിക വർഷം എത്ര തുക ഈ സ്ഥാപനത്തിനായി നീക്കി വച്ചു; വെളിപ്പെടുത്തുമോ; | (ബി) നികുതി വകുപ്പിൻെറ കീഴിൽ ഒരു സ്വയം ഭരണ സ്ഥാപനമായി പ്രവർത്തിച്ചു വന്നിരുന്ന സെൻറർ ഫോർ ടാക്സേഷൻ സ്റ്റഡീസ് എന്ന സ്ഥാപനത്തെ ഒരു ദേശീയ തലത്തിലുള്ള സ്ഥാപനമായി |

വികസിപ്പിക്കുന്നതിന്റെ ഭാഗമായിട്ടാണ് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ (ഗിഫ്റ്റ്) തുടക്കം കുറിച്ചത്. പ്രസ്തുത പുന:സംഘടനയുടെ ഭാഗമായി ഈ സ്ഥാപനത്തിന്റെ ഭരണസമിതിയിൽ ഇപ്പോൾ കേന്ദ്ര അന്തർ സംസ്ഥാന തലത്തിലുള്ള വാണിജ്യ-നികുതി-ധനകാര്യ സെക്രട്ടറിമാരുടെ പ്രതിനിധികളും ഈ മേഖലയിലുള്ള വിദഗ്ദ്ധൻമാരും ഉൾപ്പെടുന്നു. നടപ്പു സാമ്പത്തിക വർഷം ഈ സ്ഥാപനത്തിന്റെ നടത്തിപ്പിനായി 92.60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) **പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?**

(സി) ഉണ്ട്; സ്ഥാപനത്തിന്റെ പ്രവർത്തനം ദേശീയതലത്തിൽ വികസിപ്പിച്ചതിന്റെ ഭാഗമായി ഭരണഘടനയിലും നിയമാവലിയിലും ആവശ്യമായ ഭേദഗതികൾ ചെയ്തു കഴിഞ്ഞു. കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടുകൂടി തിരുവനന്തപുരത്ത് ശ്രീകാര്യത്ത് 4.20 ഏക്കർ സ്ഥലത്ത് ഈ സ്ഥാപനത്തിനാവശ്യമായ കെട്ടിടങ്ങളുടെ പണികൾ പുരോഗമിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ.**